വിവിധ സ്കീമുകൾക്ക് അനുവദിച്ച ഭക്ഷ്യധാന്യം

618 [827] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985–86–ൽ എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. പദ്ധതികളിൽ കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ച ഭക്ഷ്യധാന്യം എത്ര;

(ബി) അതിൽ എത്ര ഉപയോഗിച്ചു;

(സി) മുഴുവനും പ്രയോജനപ്പെടുത്താൻ കഴിഞ്ഞില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) എൻ.ആർ.ഇ.പി. പദ്ധതിക്കുവേണ്ടി മൊത്തം 6700 മെ. ടൺ അരിയും 23,150 മെ. ടൺ ഗോതമ്പും, ആർ.എൽ.ഇ.ജി.പി. പദ്ധതിക്കുവേണ്ടി 6100 മെ. ടൺ അരിയും 23,150 മെ.ടൺ ഗോതമ്പും കേന്ദ്രത്തിൽനിന്നും 1985–86–ലേക്ക് ലഭിച്ചു.

(ബി) 1985–86–ൽ എൻ.ആർ.ഇ.പി. പദ്ധതിപ്രകാരം സംസ്ഥാനത്ത് 22074.868 മെ. ടൺ ഗോതമ്പും 2103.368 മെ. ടൺ അരിയും ഉപയോഗിച്ചു. ആർ.എൽ.ഇ.ജി.പി. പദ്ധതിപ്രകാരം 1985–86–ൽ സംസ്ഥാനത്ത് 19660.007 മെ. ടൺ ഗോതമ്പും 2150.911 മെ. ടൺ അരിയും ഉപയോഗിച്ചു.

(സി) വിവരം ശേഖരിച്ചുവരുന്നു.

എൻ.ആർ.ഇ.പി. പ്രവൃത്തിയിൽ ഉൾപ്പെടുത്തിയ പിരപ്പൻകോട്–ഉദിയംകോട് റോഡ്

619 [828] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം ബ്ലോക്കിൽ എൻ.ആർ.ഇ.പി. പ്രവൃത്തിയിൽ ഉൾപ്പെടുത്തിയ പിരപ്പൻകോട്—ഉദിയംകോട് റോഡുപണി—ചെയ്തുതീർത്തതിന് ബി. സി.ഒ. എഗ്രിമെന്റ് ഒപ്പിടാത്തതിന്റെ അടിസ്ഥാനത്തിൽ തുക കൊടുക്കാൻ സാധിക്കാതിരുന്നതായ വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ക്രമക്കേടു കാണിച്ച ബി.ഡി.ഒ.ക്കെതിരായി കർശനമായ അച്ചടക്കനടപടികൾ സ്വീകരിക്കുമോ;

(സി) ഈ ബി.ഡി.ഒ. യുടെ പേരിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ) ബി. ഡി ഒ. എഗ്രിമെന്റ് ഒപ്പിടാത്തതിന്റെ പേരിൽ തുക കൊടുക്കുവാൻ സാധിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗവൺമെന്റ് ഉത്തരവുപ്രകാരം 10% പിടിച്ചുവച്ചിട്ട് ബാക്കി തുക കൊടുത്തിട്ടുണ്ട്.

(ബി, സി) ബി. ഡി. ഒ. ക്കെതിരായി അച്ചടക്ക നടപടികൾ സ്വീകരിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly